# പൾസ് പോളിയോ വീണ്ടും വരുമ്പോൾ

മട്ടാഞ്ചേരിയിൽ സർക്കാർ വിതരണം ചെയ്യുന്ന ശുദ്ധജലം സേവിച്ച് അഞ്ഞൂറോളം പേർ ടൈഫോയ്ഡ് ബാധിച്ച് ആശുപ്രതികളിലാണ്. പക്ഷെ, കൊടുക്കാൻ മരുന്നില്ല. ടൈഫോയ്ഡ് വന്നാൽ ടൈഫോറൽ ഗുളികയോ കാഡില കുത്തിവെയ്പോ നൽകാനല്ലാതെ മൂന്നാമതൊരു കാര്യം ചെയ്യാൻ അലോപ്പതി ഡോക്ടർമാർക്കറിയില്ല. ഈ രണ്ട് മരുന്നുകളും കേരളത്തിലെന്നല്ല, ഇന്ത്യയിൽ തന്നെ കിട്ടാനില്ല. സ്വിറ്റ്സർലണ്ടിൽ ഗുളികയുണ്ട്. പക്ഷേ രോഗം വന്നത് ഇവിടെ കേരളത്തിലും – എന്തു ചെയ്യാനാകും ? സ്വിറ്റ്സർലണ്ടിലേക്ക് ഒരു കത്തെഴുതി ആരുടെയെങ്കിലും കയ്യിൽ കൊടുത്തയ്ക്കാൻ തീരുമാനമായിട്ടുണ്ടത്രെ! അല്ലാതെ, ഈ തെരഞ്ഞെടുപ്പു ബഹളത്തിനിടക്കു തന്നെ കുറേ കുഞ്ഞിരാമൻമാർക്കു ടൈഫോയ്ഡ് വന്നാൽ... വാട്ട് എൽസ് വി കാൻ ഡു കോമ്രേഡ്സ്? (നമ്മെളന്തു ചെയ്യും സഖാവേ?)

കേരളത്തിലിപ്പോൾ ടൈഫോയ്ഡിനാണു മരുന്ന് വേണ്ടതെന്ന ജനാധിപത്യവിരുദ്ധശക്തികളുടെ കുപ്രചാരണത്തെ തള്ളികളയുക. കേരളത്തിലിപ്പോൾ പോളിയോ ഇല്ലെന്ന അവസരവാദപരമായ നിലപാടും ഉപേക്ഷിക്കുക. സഖാക്കളെ, ഇത് ആസൂത്രണത്തിന്റെ കാലമാണ്. അതു നിങ്ങൾക്ക് അറിയാം. കേരളത്തിലിപ്പോൾ ടൈഫോയിഡ് വരുമെന്ന് ആരറിഞ്ഞു?. അതു കൊണ്ട് അത് ആസൂത്രണപദ്ധതിയിൽപെടുത്തിയില്ല. ആസൂത്രണത്തിൽപ്പെടുത്തിയിട്ടില്ലാത്ത രോഗങ്ങൾ കൊണ്ടു നടക്കുന്നത് ആസൂത്രണ പദ്ധതിയ്ക്കു പാരവെക്കുന്നതിനു തുല്യമാണ്.

പറഞ്ഞു വന്നത് അതല്ല നമ്മളൊരു പൾസ് പോളിയോ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പോളിയോ ഇപ്പോൾ കേരളത്തിലില്ലല്ലോ, ഇല്ലാത്ത രോഗം ഇല്ലാതാക്കാമെന്നു പറഞ്ഞ് വെറുതേ മരുന്നു കൊടുക്കുന്നത് എന്തിന്? എന്നു ഡോക്ടർമാരുടെ അസോസിയേഷൻ വരെ ചോദിക്കുന്നുണ്ട്. അവർക്ക് ചികിത്സ മാത്രമേ അറിയൂ–ചികിത്സയുടെ രാഷ്ട്രീയവും സാമ്പത്തിക ശാസ്ത്രവും കൂടി അറിഞ്ഞാലല്ലേ കാര്യമുള്ളൂ.

നിലവിലുള്ള ഏതെങ്കിലും രോഗം നമുക്ക് പ്രതിരോധമരുന്നു കൊടുത്ത് ഇല്ലാതാക്കാനാവുമോ? ഇല്ല. അപ്പോൾ ഇപ്പോൾ ഇല്ലാത്ത ഒരു രോഗം ഇല്ലാതാവാനുള്ള മരുന്നു കൊടുക്കുക. ആ രോഗത്തിൽ നിന്നും നമ്മുടെ സംസ്ഥാനം മുക്തമായതായി പ്രഖ്യാപിക്കുക അതാണ് കാര്യം.

മൂന്നേ മൂന്ന് തുള്ളികൊണ്ട് പോളിയോ ഇല്ലാതാക്കാമെന്നു പറഞ്ഞ് 1995ൽ തുടങ്ങിയതാണ് നമ്മളീ പൾസ് പോളിയോ യജ്ഞം. പിന്നീട് ഓരോ കൊല്ലവും നമ്മളത് മൂന്നു തുള്ളി കൂടി, മൂന്നു തുള്ളി കൂടി എന്നു പറഞ്ഞ് ആവർത്തിച്ചു. ഇപ്പോൾ അഞ്ചാം വട്ടമാണ് നമ്മളിത് ചെയ്യാൻ പോകുന്നത്. ഒറ്റ തവണ എന്നു പറഞ്ഞിട്ട് അഞ്ചു തവണയായിട്ടും അവസാനിക്കാത്ത ഈ പദ്ധതിയിൽ എന്തോ ഒരു വശപ്പിശകില്ലേ എന്ന് എല്ലാവർക്കും സംശയമുണ്ടത്രെ. അത്, സാരമാക്കാനില്ല. ഓസിയായി കിട്ടിയാൽ ആസിഡും കുടിക്കും മലയാളികൾ. അപ്പോൾ പിന്നെ, ഓസിയാണെന്ന് പറഞ്ഞാൽ അഞ്ചല്ല അഞ്ഞൂറു വട്ടവും അവർ പോളിയോ മരുന്നു കുടിക്കും.

ഈ തുള്ളി മരുന്ന് നൽകിയാലും പിന്നീട് പോളിയോ വരാനുള്ള സാദ്ധ്യതയുണ്ടെന്നതാണ് മറ്റൊരു കണ്ടുപിടുത്തം. അതു ശരിയാണ്. പോളിയോ നിലവിലുള്ള ഒരു പ്രദേശത്ത് ഈ മരുന്ന് കൊടുത്താലും കുട്ടിക്ക് പോളിയോ പിന്നീട് വന്നേക്കാം. പക്ഷെ, മുന്നേ പറഞ്ഞല്ലോ–കേരളത്തിലിപ്പോൾ പോളിയോ ഇല്ല. അപ്പോൾ പിന്നെ ഇനി വരില്ല എന്നു പറഞ്ഞ് ധൈര്യമായി കൊടുക്കാം.

പോളിയോ തുള്ളി മരുന്ന് നൽകിയതിന്റെ ഫലമായി, അതായത് ഈ തുള്ളി മരുന്ന് കൊടുത്ത അന്നോ പിറ്റേ ദിവസമോ, പോളിയോ വരാനിടയുണ്ടെന്നും ചിലർ പ്രചരിപ്പിക്കുന്നുണ്ടത്രെ. ദില്ലിയിലെ രോഹിനി ഭാഗത്തു മാത്രം ഒറ്റയടിക്ക് ഇങ്ങിനെ നാൽപതോളം കുട്ടികൾ ആശുപ്രതിയിലായിട്ടുണ്ടെന്നതും അതിൽ ഒരു കുട്ടി മരിച്ചുവെന്നതും സത്യമാണ്. കേരളത്തിലും മുമ്പ് ഇങ്ങിനെ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്തു പറയാൻ, എല്ലാം ദൈവത്തിന്റെ വികൃതികൾ.

എന്തായാലും ഒക്ടോബർ 24, നവംബർ 21, ഡിസംബർ 19, ജനുവരി 23 എന്നി നാല് തിയ്യതികളിലായി നമ്മൾ നമ്മുടെ കുട്ടികൾ വീണ്ടും അധികഡോസ് പോളിയോ മരുന്ന് നൽകും. എല്ലാം ഓ.സിയാണ്. ഇത്തവണ മരുന്ന് കൊടുക്കുന്ന കുട്ടികളെയൊക്കെ ചാപ്പകുത്തും. അതായത് ഇടത്തേ കൈയ്യിന്റെ ചൂണ്ടുവിരലിൽ മായാത്ത മഷികൊണ്ട് അടയാളമിടും. (തെരഞ്ഞെടുപ്പ് കാലമല്ലേ–അതാണ് ഇങ്ങനെയൊരു ഐഡിയ) പിന്നെ, കുട്ടികളുടെ വീടുകളിൽ കയറി മരുന്നു കൊടുത്ത വീടുകളും കൊടുക്കാത്ത വീടുകളും വേറെ വേറെ ചാപ്പ കുത്തും.

ക്ലാസ്സിൽ വന്നു മരുന്നു വാങ്ങാത്തവർക്ക് വീട്ടിൽ വന്ന് മരുന്നൊഴിക്കും

നിങ്ങളുടെ കുട്ടികൾക്ക് ഇങ്ങനെയൊരു മരുന്നുപ്രയോഗം വേണ്ട എന്നു വാശി പിടിക്കാനാണ് ഉദ്ദേശ്യമെങ്കിൽ.......

നിയമവും മനുഷ്യവകാശവും സ്വാതന്ത്ര്യവുമൊക്കെ പ്രസംഗിക്കാനാണ് നിങ്ങളുടെ ഭാവമെങ്കിൽ....

സർ, ദയവായി കേരളം വിടുക;

അതെ, വേറെ വല്ല നാട്ടിലും പോയി താമസിക്കുക.

ഹല്ല പിന്നെ,

ഒരു പ്രഖ്യാപനം നടത്താൻപോലും സമ്മതിക്കില്ലെന്നു വെച്ചാൽ.